




## വളപട്ടണം

# കണ്ടൽക്കാടുകൾ ഇനി സംരക്ഷിക്കപ്പെടുമോ?

കെ. സന്ദീപ്

വളപട്ടണം പുഴയോരത്ത് സ്ഥാപിച്ച കണ്ടൽ തീം പാർക്ക് അടച്ചു പൂട്ടി. കണ്ടൽ പാർക്കിനെതിരെ പരിസ്ഥിതി – സാമൂഹിക– രാഷ്ട്രീയ പ്രവർത്തകർ നടത്തിയ ഇടപെടലിന് ഇതിലൂടെ വിജയം കണ്ടിരിക്കുകയാണ്. കേരളത്തിൽ കണ്ടൽക്കാടുകൾ വളരുന്ന പ്രദേശങ്ങളിൽ പ്രധാനപ്പെട്ടതാണ് വളപട്ടണം പുഴയോരം. ഏപ്രിൽ നാലിനാണ് പാപ്പിനിശേരി ഇക്കോടൂറിസം സൊസൈറ്റിയുടെ കീഴിൽ പുഴയോരത്തെ 12 ഏക്കർ കണ്ടൽ പ്രദേശത്ത് പാർക്ക് പ്രവർത്തനം ആരംഭിച്ചത്. പാരിസ്ഥിതിക സന്തുലിതാവസ്ഥയെ സഹായിക്കുന്ന ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകൾ വ്യാപകമായി നശിപ്പിക്കപ്പെടുന്ന ഘട്ടത്തിലാണ് വളപട്ടണത്ത് പാർക്ക് പ്രവർത്തനം ആരംഭിച്ചത്.

തീരദേശ നിയന്ത്രണ പരിധിയിൽ പെടുന്ന സ്ഥലത്താണ് പാർക്ക് നിർമ്മിച്ചിട്ടുള്ളതെന്ന് വിവിധ ഭാഗങ്ങളിൽ നിന്ന് തുടക്കം മുതലേ ആരോപണം ഉയർന്നിരുന്നു. കണ്ടൽ മേഖലയിൽ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതു മൂലം കണ്ടലിന്റെ സ്വാഭാവിക പരിതസ്ഥിതി നഷ്ടപ്പെടുമെന്ന് ആശങ്കകൾ ഉയർന്നിരുന്നു. ഉദ്ഘാടനം നടത്തരുതെന്ന് ആവശ്യപ്പെട്ട് എത്തിയ പരിസ്ഥിതി പ്രവർത്തകരെ പാർക്ക് അധികൃതർ അക്രമിച്ചിരുന്നു. പാർക്കിന്റെ പ്രവർത്തനം തടയണമെന്ന് ആവശ്യപ്പെട്ട് മെയ് 29ന് കണ്ണൂർ എം.പി സുധാകരനാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രി ജയറാം രമേശിന് നിവേദനം നൽകിയത്. നിവേദനത്തിന്റെ പശ്ചാത്തലത്തിൽ പാർക്ക് പ്രവർത്തനം നിർത്താൻ ജുലൈ 14ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട് ബാഗ്ലൂർ റീജിയണൽ ഓഫീസിലെ ഫോറസ്റ്റ് ചീഫ് കൺസർവേറ്ററിലെ ശാസ്ത്രജ്ഞരായ ഡോ. എസ്.കെ സുസർലയുടെ നേതൃത്വത്തിൽ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകി. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം സ്റ്റേറ്റ് കോസ്റ്റൽ റഗുലേഷൻ മാനേജ്മെന്റ് അതോറിറ്റിയാണ് ജുലൈ 19ന് പാർക്ക് പ്രവർത്തനം നിർത്താൻ ഉത്തരവിട്ടത്. പാരിസ്ഥിതിക ആഘാതം കണ്ടെത്തുന്നതിനായി സംസ്ഥാന സർക്കാർ ഏഴംഗ സമിതിയെയും നിയോഗിച്ചിരുന്നു. കണ്ടൽ തീം പാർക്ക് നിയമലംഘനമാണെന്ന നിഗമനത്തിലാണ് തീരദേശ മേഖലാ പരിപാലന അതോറിറ്റി നിയോഗിച്ച വിദഗ്ധ സമിതി എത്തിയത്.

പാർക്കിന് പിന്നിലെ നീക്കങ്ങളെയും സമരങ്ങളെയും കുറിച്ച് പരിസ്ഥിതി പ്രവർത്തകർ

### കണ്ടൽക്കാടുകളുടെ സ്ഥായിയായ സംരക്ഷണം ഞങ്ങളുടെ ലക്ഷ്യം: ഭാസ്കരൻ വെള്ളൂർ

കണ്ടൽപാർക്ക് പ്രവർത്തനം നിർത്തിയത് ഒരു നേട്ടമായി തന്നെയാണ് കാണുന്നത്. എന്നാൽ കണ്ടൽക്കാടുകളുടെ സ്ഥായിയായ സംരക്ഷണമാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. പാർക്കിന്റെ ഭാഗമായി വിവിധയിനം കണ്ടൽ ചെടികൾ ചെളിയോടെ പിഴുത് മാറ്റിയിട്ടുണ്ട്. ഇതിനു പകരമായി സ്വിമ്മിങ്ങ് പൂളാണ് പിന്നീട് സ്ഥാപിച്ചത്. രണ്ട് വർഷം മുമ്പ് കണ്ടലിന്റെ നിബിഢവനം ആയിരുന്ന സ്ഥലം ഇന്ന് ശോഷിച്ചിരിക്കുന്നു. ഇപ്പോൾ പാർക്കിലേക്ക് വരുന്നവർക്ക് അവിടെ ഒരു പ്രശ്നവും ഉള്ളതായി തോന്നില്ല. എന്നാൽ പണ്ടു മുതലേ ആ പ്രദേശം അറിയാവുന്നവർക്ക് അവിടെ വന്ന മാറ്റങ്ങൾ മനസിലാവും. വിവിധ ഇനങ്ങളിൽപെട്ട കണ്ടൽ ചെടികൾ വളരുന്ന കേരളത്തിലെ പ്രധാനപ്പെട്ട ഒരു പ്രദേശമാണ് ഇവിടത്തേത്. പാർക്ക് വന്നതോടെ കണ്ടൽക്കാടുകളുടെ സ്വാഭാവിക പരിതസ്ഥിതി നഷ്ടപ്പെട്ടു. ദിവസേന നിരവധി ആൾക്കാരാണ് പാർക്കിൽ വന്ന് പൊയ്ക്കൊണ്ടിരുന്നത്. ഇതുമൂ

ലം വനത്തിന്റെ പരിശുദ്ധിക്ക് കോട്ടം തട്ടും. വിവിധയിനം പക്ഷിജാലങ്ങളും മറ്റു ജീവികളും ഉള്ള കാടിന് നാശം നേരിടും. പാർക്ക് ഒരു പഠനകേന്ദ്രമാണെന്നാണ് ഇതിന്റെ നടത്തിപ്പുകാർ പറയുന്നത്. എന്നാൽ ഇവിടെ നടക്കുന്നത് കച്ചവടമാണ്. വഞ്ചി തുഴയുന്നതിനും മറ്റ് വിനോദപരിപാടികൾക്കുമാണ് ഇവിടെ സൗകര്യം ഒരുക്കി കൊടുക്കുന്നത്. പാർക്ക് ഉണ്ടായിട്ടല്ല ഇത്രയും നാൾ കണ്ടലിനെ കുറിച്ച് പഠനങ്ങൾ നടന്നിട്ടുള്ളത്. ചെളിയിലൂടെ നടന്നാണ് പലരും പഠനങ്ങൾ നടത്തിയത്. പാർക്കിനെതിരെയുള്ള സമര പരിപാടികളെ തകർക്കാൻ നിരവധി ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. ഉദ്ഘാടന ദിവസം ഉപവാസം ഇരുന്ന ഞങ്ങളെ കുറച്ചു ഗുണ്ടകൾ ചേർന്ന് അടിച്ചോടിക്കുകയായിരുന്നു. ഞങ്ങൾക്ക് രാഷ്ട്രീയ ഒരു പാർട്ടിയുമായും ബന്ധമില്ല. ഇത്തരം വിഷയങ്ങളിൽ രാഷ്ട്രീയ പാർട്ടികൾ രംഗത്ത് വരുന്നതിനെ സ്വാഗതം ചെയ്യുന്നു. ഈ വിഷയം ഇത്രയധികം ശ്രദ്ധിക്കപ്പെടാൻ കാരണം രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലാണ്.

രണ്ട് വർഷം മുമ്പ് തന്നെ പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഞങ്ങൾക്ക് വിവരം ലഭിച്ചിരുന്നു. പാർക്കിനെതിരെ അന്ന് ഞങ്ങൾ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. ചതുപ്പ് നിലം മണ്ണിട്ട് പാർക്കിലേക്ക് റോഡ് നിർമ്മിക്കുന്നതിനെ ഞങ്ങൾ അന്ന് തടഞ്ഞിരുന്നു. എന്നാൽ രാത്രികാലങ്ങളിൽ റോഡിന്റെ പണി തുടർന്നു. അന്നുമുതൽ ഞങ്ങൾക്ക് നിരന്തരം ഭീഷണിയുണ്ടായിരുന്നു. ആ പരിസരത്ത് കണ്ടാൽ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തി. കണ്ടൽ പ്രദേശത്തെ ഏക്കോ ഫ്രജൈൽ ലാൻഡ് (ഇ എഫ് എൽ) ആയി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് ഞങ്ങൾ സംസ്ഥാന വനം വകുപ്പിന് നിവേദനം നൽകിയിരുന്നു. എന്നാൽ ഇതിന് ഒരു മറുപടിയും വനം വകുപ്പ് നൽകിയിട്ടില്ല. പാർക്കിനോട് ചേർന്നുള്ള സമീപ പ്രദേശങ്ങളിൽ ടൂറിസത്തിന്റെ ഭാഗമായി റിസോർട്ടുകൾ നിർമ്മിക്കാനുള്ള തയ്യാറെടുപ്പുകൾ നടക്കുന്നുണ്ട്. സ്വകാര്യ വ്യക്തികളും കണ്ടൽ പ്രദേശങ്ങൾ വ്യാപകമായി കയ്യേറ്റം ചെയ്യുന്നുണ്ട്. ഇതിനെ ശക്തമായ നേരിടേണ്ടതുണ്ട്.

## കണ്ടൽക്കാട്ടിൽ ചെയ്ത് കൂടാൻ പറ്റാത്ത പ്രവൃത്തികൾ അവിടെ ചെയ്തു: ഹരി

രണ്ടുവർഷം മുമ്പാണ് ജില്ലാ പരിസ്ഥിതി സമിതി കണ്ടൽസമരം തുടങ്ങിയത്. പ്ലൈവുഡ് കമ്പനിക്കാർ കണ്ടൽ നശിപ്പിച്ച് റോഡുണ്ടാക്കുന്നതിൽ പ്രതിഷേധിച്ച് ഞങ്ങൾ പുതിയതെരു മുതൽ പാപ്പിനിശേരി വരെ ജാഥ നടത്തി. അത് തടഞ്ഞെങ്കിലും സ്വാധീനം ഉപയോഗിച്ച് അവർ റോഡ് നിർമ്മാണം നടത്തി. ഈ റോഡാണ് ആരും കാണാതെ കണ്ടൽപാർക്ക് നിർമ്മിക്കാൻ ഉപയോഗപ്പെടുത്തിയത്. പാർക്ക് വരുന്നുണ്ടെന്ന് അറിഞ്ഞപ്പോൾ സമിതി സംഘം അന്വേഷിക്കാൻ ചെന്നെങ്കിലും അവിടെ എത്താനായില്ല. വളപട്ടണം പാലത്തിനടിയിലും മറ്റും നടത്തിയ കണ്ടൽ നശീകരണങ്ങൾ കണ്ട് മടങ്ങി. പിന്നീട് അഡ്വ വിനോദ് പയ്യട, ഭാസ്കരൻ വെള്ളൂർ, ഹരി, ആശ, രമേശൻ മാമ്പ, അജിത്ത്, വേശാല, കെ മുഹമ്മദ് എന്നിവരടങ്ങുന്ന സംഘം പാർക്ക് തുടങ്ങുന്നതിന് രണ്ടാഴ്ച മുമ്പ് സ്ഥലത്തേക്ക് അന്വേഷണ യാത്ര നടത്തി. പാർക്കിന് കിഴക്കുള്ള കയ്യേറ്റങ്ങളും അന്ന് മനസിലാക്കി. പാർക്കിന് തൊട്ടുള്ള മരമില്ലുകാർ അന്ന് ഞങ്ങളെ ചെറുതായി തടഞ്ഞിരുന്നു. അതിലെക്കൂടി മാത്രമേ അന്ന് പാർക്കിലേക്ക് വഴി ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾ എത്തുമെന്ന് അറിഞ്ഞതിനാൽ പാർക്ക് ഡയറക്ടറും സെക്രട്ടറിയും അവിടെ ഉണ്ടായിരുന്നു. ചില വാക്കുതർക്കങ്ങൾക്ക് ശേഷം ഡോക്യുമെന്റേഷൻ അരുതെന്ന് പറഞ്ഞ് ഞങ്ങളെ സ്ഥലം കാണിക്കാൻ അവർ തയ്യാറായി. ഞങ്ങളുടെ നീക്കം ശ്രദ്ധിച്ച് 10-15 പേർ നമ്മുടെ ചുറ്റുവട്ടത്ത് ഉണ്ടായിരുന്നു.

അവിടെക്കണ്ടത് അതിഭീകരമായ കാഴ്ചകളായിരുന്നു. ടിപ്പർ ലോറികൾ ഇടതടവില്ലാതെ മണ്ണ് തട്ടിപ്പോകുന്നു. കരിങ്കല്ലുകൊണ്ട് പുഴയുടെ അരിക് കെട്ടിയുറപ്പിക്കുന്നു. കണ്ടൽച്ചെടികൾക്കിടയിലൂടെ മരപ്പലകകൾ കൊണ്ട് നടപ്പാതകൾ കെട്ടുന്നു. കണ്ടൽ നശിപ്പിച്ച സ്ഥലത്ത് വലിയ ജലാശയം ഉണ്ടാക്കുന്നു..... തുടങ്ങി ഒരു കണ്ടൽക്കാട്ടിൽ ചെയ്ത് കൂടാൻ പറ്റാത്ത സകല പ്രവൃത്തികളും അവിടെ നടന്നുകൊണ്ടിരിക്കുകയായിരുന്നു. അവരുടെ കണ്ണുവെട്ടിച്ചെടുത്ത ഫോട്ടോകൾ സഹിതം ഞങ്ങൾ കേന്ദ്ര പരിസ്ഥിതി മന്ത്രി, മുഖ്യമന്ത്രി, വനം മന്ത്രി, ജില്ലാ കലക്ടർ തുടങ്ങിയവർക്ക് അന്നുതന്നെ പരാതി കൊടുത്തിരുന്നു. ആർ ഡി ഒയെ നേരിട്ട് വിളിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്തിയെങ്കിലും ആരും നടപടി എടുത്തില്ല.

## അവർ എന്നെ മുടിക്ക് പിടിച്ച് പുലയാട്ട് പറഞ്ഞു : ആശഹരി

പാർക്കിനെതിരെയുള്ള സമരത്തിൽ ഞങ്ങൾക്കെതിരെ ആസൂത്രിതമായ നീക്കങ്ങളാണ് നടന്നത്. ഉദ്ഘാടന ദിവസം പ്രതിഷേധത്തിന്റെ ഭാഗമായാണ് ഞങ്ങൾ ഒരു പകൽ ദിന ഉപവാസം പാർക്കിനു സമീപത്തെ റോഡരികിലെ മരച്ചുവട്ടിൽ നടത്താൻ തീരുമാനിച്ചത്. അതിന്റെ തയ്യാറെടുപ്പുകൾക്കായി ഞാൻ, ഭാസ്കരൻ വെള്ളൂർ, ഹരി, കാനം കുഞ്ഞിരാമൻ എന്നിവർ നേരത്തേ സ്ഥലത്ത് എത്തി ബാനർ കെട്ടാനുള്ള ഒരുക്കങ്ങൾ ചെയ്ത് കൊണ്ടിരിക്കുമ്പോൾ യാതൊരു പ്രകോപനവുമില്ലാതെ ഡയറ്ക്ടറും സെക്രട്ടറിയുമടക്കം കുറേ ഗുണ്ടകൾ ബാനർ വലിച്ചു കീറുകയും വികലാംഗനായ കാനം കുഞ്ഞിരാമനെ തലയ്ക്കടിച്ച് താഴെയിടുകയും ചെയ്തു. എന്നെ മുടിക്ക് കുത്തിപ്പിടിച്ച് പുലയാട്ട് പറഞ്ഞ് നിലത്ത് തള്ളിയിട്ടു. പിന്നീട് അവർ ഹരി ചക്കരക്കല്ലിനെയും ഭാസ്കരൻ വെള്ളൂരിനെയും




ഭീകരമായി മർദ്ദിച്ചു. അവിടെ എത്തിയ സമിതി പ്രവർത്തകരായ നിശാന്ത്, പ്രശാന്ത് എന്നിവർക്കും മർദ്ദനമേറ്റു. പരിസ്ഥിതി സമിതിയുടെ ഹാൻഡ് മൈക്ക് തല്ലിത്തകർത്തു. അതിനുശേഷം കണ്ണൂരിലേക്ക് വരികയായിരുന്ന ബസ് തടഞ്ഞ് നിർത്തി എല്ലാവരെയും അതിൽ നിർബന്ധിച്ച് കയറ്റിവിടുകയായിരുന്നു. അതിനു ശേഷം ആശുപത്രിയിൽ ഞങ്ങൾ അഡ്മിറ്റ് ആയി. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള പരിസ്ഥിതി പ്രവർത്തകർ എസ് എം എസ് വഴിയും ഫോൺ മുഖേനയും മാധ്യമങ്ങളിലൂടെയും വിവരമറിഞ്ഞ് പ്രതികരിച്ചു. മാധ്യമങ്ങൾ പ്രാധാന്യത്തോടെ വിഷയം ഏറ്റെടുത്തു. ജില്ലാ പരിസ്ഥിതി സമിതിയുടെ നേതൃത്വത്തിൽ ഏപ്രിൽ 10ന് സമര ഐക്യദാർഢ്യം പാർക്കിന്റെ പ്രവേശന കവാടത്തിന് മുന്നിൽ നടത്തി. പല ജില്ലകളിൽ നിന്നുള്ള പരിസ്ഥിതി സാമൂഹ്യ പ്രവർത്തർ ഇതിൽ പങ്കെടുത്തു. മുൻ മന്ത്രി സുജനപാൽ ആണ് പരിപാടി ഉദ്ഘാടനം ചെയ്തത്. പ്രൊഫ. ശോഭീന്ദ്രൻ, എം എ ജോൺസൺ, ടി പി പദ്മനാഭൻ, തായാട്ട് ബാലൻ, രാജൻ നായർ. ജാഫർ പാലോട്ട്, ബാദുഷ, ടി പി ആർ നാഥ്, വി സി ബാലകൃഷ്ണൻ തുടങ്ങിയവർ സമര ഐക്യദാർഢ്യത്തിൽ പങ്കാളികളായി.

ബന്ധങ്ങൾക്ക്: ഹരി/ആശ, 9447089027

# കണ്ണെടുക്കല്ലേ... ഈ കാഴ്ച ഏറെ നാളില്ല

എറണാകുളം ജില്ലയിലെ വളന്തക്കാടും വികസനത്തിന്റെ പേരിൽ കണ്ടൽക്കാടുകൾ നശിപ്പിക്കപ്പെടുകയാണ്. കണ്ണൂരിൽ സി.പി.എമ്മിന്റെ നേരിട്ടുള്ള കടന്നുകയറ്റമാണെങ്കിൽ വളന്തക്കാട് സർക്കാറിന്റെ മൗനാനുവാദത്തോടെ ശോഭാ ഗ്രൂപ്പിനെപ്പോലെയുള്ള വൻകിടക്കാരാണ് നുഴഞ്ഞുകയറുന്നത്. ഇവർ കാർന്ന് തിന്നുകൊണ്ടിരിക്കുന്ന കൊച്ചിയുടെ ശ്വാസകോശമായ ഈ ദ്വീപുകളിൽ നിന്നുള്ള ചില ദൃശ്യങ്ങൾ.

ഫോട്ടോ: രൺജിത്ത്. കെ.ആർ





